പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1571 22.03.2013-ൽ മറുപടിയ്ക്ക്

## പൊതു ശ്മശാനങ്ങൾ

| ചോദ്യം<br>ശ്രീ. എം. ഹംസ | | ഉത്തരം<br>ശ്രീ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പൊതു ശ്മശാനങ്ങൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അംഗീകൃത ശ്മശാനങ്ങളുടെ അഭാവം മൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; അത് സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ; | (ബി) | നടത്തിയിട്ടില്ല. |
| (സി) | പഞ്ചായത്തുകൾക്കകത്ത് ശ്മശാനങ്ങൾ ആരംഭിക്കുന്നതിന് എത്ര കോടി രൂപ നീക്കിവെച്ചു; അതിൽ എത്ര കോടി രൂപ ചെലവഴിച്ചു; | (സി) | ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. 2008-09 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൊതുശ്മശാന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയും താഴെപ്പറയും പ്രകാരമാണ്. |

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2008-09 | 1,00,00,000 | 982433 |
| 2009-10 | 1,70,00,000 | 3551009 |
| 2010-11 | 5,00,00,000 | 5049513 |
| 2011-12 | 5,00,00,000 | 11177008 |
| 2012-13 | 5,00,00,000 | -- |
| ആകെ | 17,70,00,000 | 2,07,59,963 |

(....2)

| | | | |
|---|---|---|---|
| (ഡി) | ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ ഇലക്ട്രിക് ക്രിമറ്റോറിയം ആരംഭിക്കുവാനുള്ള പദ്ധതി നിലവിലുണ്ടോ; പുരോഗതി വ്യക്തമാക്കാമോ? | (ഡി) | ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ ഒരു വൈദ്യുതി ശ്മശാനം ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ശ്മശാനം നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്കായി പണം മാറ്റി വച്ചിട്ടില്ലാത്തതിനാലും വലിയ തുക ഈ പദ്ധതിക്ക് ആവശ്യമായി വരുന്നതിനാലും മറ്റു മാർഗ്ഗങ്ങളിൽ നിന്ന് ഫണ്ട് ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാനും നഗരസഭയുടെ പദ്ധതി വിഹിതം, തനത് ഫണ്ട്, എം.പി. എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട്, RIDF-ൽ നിന്നുള്ള സഹായം, അടുത്ത സാമ്പത്തിക വർഷം നഗരവികസന വകുപ്പു മുഖേന വകയിരുത്താവുന്ന വിഹിതം മുതലായവ കൂട്ടിച്ചേർത്തും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ പങ്കാളിത്തം മുഖേനയോ ഉള്ള ഫണ്ട് ലഭ്യതയും സാങ്കേതിക സഹായവും കൂട്ടിച്ചേർത്തും മേൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയുമോ എന്ന് ആലോചിക്കുന്നതിനും ഒറ്റപ്പാലം നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**